**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് – കലാകേരളം 'നല്ലവീട് നല്ലനാട്' സ്റ്റേജ് പരിപാടി - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ.) നം. 3013/2017/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 11/09/2017

പരാമർശം:-
1. കലാകേരളം ഡയറക്ടറുടെ 02.10.2016, 09.10.2016 തീയതികളിലെ കത്തുകൾ.
2. നഗരകാര്യ ഡയറക്ടറുടെ 09.11.2016 ലെ ജി1-24847/16 നമ്പർ കത്ത്.
3. പഞ്ചായത്ത് ഡയറക്ടറുടെ 14.02.2017 ലെ ജി1 – 40227/2016 നമ്പർ കത്ത്.

**ഉത്തരവ്**

സംസ്ഥാനത്ത് മദ്യവും മയക്കുമരുന്നുകളും സൃഷ്ടിക്കുന്ന വിപത്തുകൾക്കെതിരായി ജനങ്ങളെ ബോധവത്ക്കരിക്കുന്നതിന്റെ ഭാഗമായി ചലച്ചിത്ര സംഗീത കലാരംഗങ്ങളിലെ നിരവധി പ്രഗത്ഭരെ അണിനിരത്തിക്കൊണ്ട് 'നല്ല വീട്-നല്ല നാട്' എന്നൊരു ബൃഹത്തായ സ്റ്റേജ് പരിപാടിക്ക് തിരുവനന്തപുരം കലാകേരളം രൂപം നൽകിയിരിക്കുകയാണെന്നും ഒരു വേദിയിൽ ഏറ്റവും ചെലവ് ചുരുക്കി അവതരിപ്പിക്കുന്നതിന് 2 ലക്ഷം രൂപ ചെലവ് വരുമെന്നും, ടി പരിപാടി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അവതരിപ്പിക്കുന്നതിനും തനത് ഫണ്ടിൽ നിന്നോ പ്ലാൻ ഫണ്ടിൽ നിന്നോ ടി പരിപാടിക്ക് തുക ചെലവഴിക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് യഥേഷ്ടാനുമതി നൽകണമെന്നും പരാമർശം (1) പ്രകാരം കലാകേരളം ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. സംസ്ഥാനത്ത് മദ്യവും മയക്കുമരുന്നുകളും സൃഷ്ടിക്കുന്ന വിപത്തുകൾക്കെതിരായി ജനങ്ങളെയാകെ ബോധവത്ക്കരിക്കുന്നതിന്റെ ഭാഗമായി ചലച്ചിത്ര സംഗീത കലാരംഗങ്ങളിലെ നിരവധി പ്രഗത്ഭരെ അണിനിരത്തിക്കൊണ്ട് 'നല്ല വീട്-നല്ല നാട്' എന്ന പേരിൽ നടത്തുന്ന സ്റ്റേജ് പരിപാടി തദ്ദേശസ്ഥാപനങ്ങളുടെ ഫണ്ടിന്റെ ലഭ്യതയ്ക്കും ഭരണസമിതി തീരുമാനത്തിനും വിധേയമായി നടത്തുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
സിനി.ജെ.ഷുക്കൂർ,
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
ഡയറക്ടർ, കലാകേരളം, വിശാരദ്, ടി.സി.6/2145, VNRA, വലിയവിള, തിരുവനന്തപുരം - 13
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ഡയറക്ടർ, സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എൽ.ബി.എ & എ), കേരള, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.